WALK IN THE AIR
IN A PREMIER PAIR
21-95 15.75 14.75 20-95
പ്രീമിയർ
ഡബിൾഡക്കർ

മാതൃഭൂമി

THE NATIONAL DAILY IN MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM

പുസ്തകം 64 ലക്കം 96 Calicut Tuesday June 24, 1986—കോഴിക്കോട് 1986 ജൂൺ 24 ചൊവ്വ പേജ് 8 വില 90 പൈസ

ജില്ലയിലെ ഏക
മിൽ അംഗീകൃത ഷോറൂം
VIMAL
ശകുന്തള സ്റ്റോഴ്സ്
പാലക്കാട്

എം.വി.രാഘവനെ പുറത്താക്കി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എം. വി. രാഘവനെ മാർക്സിസ്റ്റ് പാർട്ടി പുറത്താക്കി. ഒരു വർഷമായി കേരളത്തിലെ പാർട്ടിക്കുള്ളിൽ പിരിമുറുക്കം സൃഷ്ടിച്ചുകൊണ്ടിരുന്ന ഗ്രൂപ്പ് തർക്കത്തിന്റെ മൂർദ്ധന്യത്തിലാണ് ഈ നടപടി. ബദൽരേഖ തയ്യാറാക്കിയതിന്റെ പേരിൽ സസ്പെൻഷനിൽ നിർത്തിയ രാഘവനെ തിങ്കളാഴ്ച പാർട്ടി വിരുദ്ധ പ്രവർത്തനത്തിനു പുറത്താക്കുകയാണുണ്ടായത്. തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന കമ്മിററി യോഗത്തിൽ ഇ.എം.എസ്സിനു പുറമെ, പോളിററ്ബ്യൂറോ അംഗങ്ങളായ ബാസവപുന്നയ്യ, ഇ. ബാലാനന്ദൻ എന്നിവരും ആദ്യവസാനം പങ്കെടുത്തിരുന്നു.

പാർലമെന്ററി അവസരവാദ കററം ചുമത്തി രാഘവനെ 5 മാസം മുമ്പാണ് പാർട്ടിയിൽ നിന്നു ഒരു വർഷക്കാലത്തേക്കു സസ്പെൻഡ് ചെയ്തത്. കഴിഞ്ഞ നവംബറിൽ കൊച്ചിയിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ പാർട്ടി ഔദ്യോഗിക ലൈനിന്നെതിരെ രാഘവൻ അവതരിപ്പിച്ച ബദൽരേഖയായിരുന്നു പാർലമെന്ററി അവസരവാദം ആരോപിക്കപ്പെടാൻ ഇടവരുത്തിയത്.

കഴിഞ്ഞ ഡിസംബറിൽ കൽക്കത്തയിൽ വെച്ചു ചേർന്ന പാർട്ടിയുടെ 12ാം കോൺഗ്രസ്സ് രാഘവന്റെ നേതൃത്വത്തിൽ ഒരു വിഭാഗം പാർട്ടി നേതാക്കൾ കൈക്കൊണ്ട ബദൽരേഖ സമ്പന്ധം തെററാണെന്നു വിധിച്ചു. അതിന്റെ തുടർച്ചയാണ് ജനവരി 13ാംനു തിരുവനന്തപുരത്തു ചേർന്ന സംസ്ഥാന കമ്മിററി യോഗം രാഘവനെ ഒരു വർഷത്തേക്കും പി. വി. കുഞ്ഞിക്കണ്ണനെ മൂന്നു മാസത്തേക്കും സസ്പെൻഡ് ചെയ്യാനും മററു ചില നേതാക്കളെ ശാസിക്കാനും തീരുമാനിച്ചത്. ഇതിൽ പി. വി. കുഞ്ഞിക്കണ്ണന്റെ സസ്പെൻഷൻ പിൻവലിച്ചു.

സസ്പെൻഷനു ശേഷവും രാഘവൻ പാർട്ടി നയത്തെ വെല്ലുവിളിക്കുന്ന രീതിയിൽ പ്രവർത്തിച്ചുവെന്നാരോപിച്ചാണ് സംസ്ഥാന കമ്മിററി ഇപ്പോൾ അദ്ദേഹത്തെ പുറത്താക്കിയിരിക്കുന്നത്.

മാർക്സിസ്റ് പാർട്ടിയുടെ തിളക്കമാർന്ന പോരാളിയായിരുന്ന എം. വി. രാഘവൻ സസ്പെൻഷനു മുമ്പ് സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗവും നിയമസഭാ പാർട്ടി സെക്രട്ടറിയുമായിരുന്നു.

കൽക്കത്തയിൽ കഴിഞ്ഞ ഡിസംബറിൽ ചേർന്ന സി. പി. എം. 12ാം കോൺഗ്രസ്സ് കേരളത്തിലെ പാർട്ടി സ്ഥിതിഗതികൾ ചർച്ച ചെയ്യപ്പോൾ രണ്ടു മുഖ്യ നിഗമനങ്ങളിലാണ് എത്തിയത്.

എം. വി. രാഘവന്റെ നേതൃത്വത്തിൽ ഒരു വിഭാഗം സഖാക്കൾ സ്റേററ് കോൺഫറൻസിൽ എടുത്ത രാഷ്ട്രീയ നിലപാടാണ് ഒന്നാമത്തേതു്. ഇതു നഗ്നമായ പാർലമെന്ററി വ്യാമോഹവും വർഗ്ഗീയതയുടെ രാഷ്ട്രീയത്തിനു കീഴടങ്ങലുമാണ്. സെൻട്രൽ

ശേഷം 5–ാം പേജ് 5–ാം കോളം.

പ്രസ്ഥാനത്തോട് കാട്ടുന്ന വഞ്ചന: എം. വി. ആർ.

തിരുവനന്തപുരം: തനിക്കെതിരായ ആരോപണവും തന്നെ പാർട്ടിയിൽ നിന്നു് പുറത്താക്കാനുള്ള സംഘടിത നീക്കവും ''കമ്യൂണിസ്റ് പ്രസ്ഥാനത്തോട്'' നിങ്ങൾ ചെയ്യുന്ന വഞ്ചനയാണെന്ന് ചരിത്രം രേഖപ്പെടുത്തുമെന്നു രാഘവൻ തനിക്കു് ലഭിച്ച കാരണപത്രത്തിനു് മറുപടിയായി സ്റേററ് കമ്മിററിക്കു് കൊടുത്ത കത്തിൽ പറഞ്ഞിട്ടുണ്ട്.

പോളിററ് ബ്യൂറോ മെമ്പർമാർ പാർട്ടി കോൺഗ്രസ്സിൽ റിപ്പോർട്ട് ചെയ്തതുപോലെ താനൊരു ഗ്രൂപ്പ് പ്രവർത്തനവും നടത്തിയിട്ടില്ല. സ്റേററ് സെക്രട്ടറിയും കൂട്ടുകാരുമാണ് ഗ്രൂപ്പ് പ്രവർത്തനം നടത്തിയതെന്നു് മറുപടിയിൽ പറയുന്നുണ്ട്.

നിങ്ങൾ തന്നെ അധിക്ഷേപിച്ച പഴയ റിവിഷനിസ്റ് നയം വീണ്ടും പാർട്ടിയുടെ മേൽ അടിച്ചേല്പിക്കുവാനാണ് ശ്രമിക്കുന്നതു്. അതിനെ ചെറുത്തു തോല്പിച്ചുകൊണ്ടേ പാർട്ടിയെ വിപ്ലവബഹുജന പാർട്ടിയായി രൂപപ്പെടുത്താൻ കഴിയുകയുള്ളുവെന്നു് മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ബസ്സ്റ്റാൻറിൽപൊട്ടിത്തെറി: 20 പേർക്ക് പരിക്ക്

സ്വന്തം പ്രതിനിധി

ചാലക്കുടി: ചാലക്കുടി സ്വകാര്യ ബസ്സ്സ്റ്റാൻറിലുണ്ടായ വൻ പൊട്ടിത്തെറിയെ തുടർന്നു് ബസ്സ് കാത്തു നിന്നിരുന്ന ഇരുപതു പേർക്ക് പരുക്കേററു.

ഗുരുതരമായ പരുക്കേററ ഒമ്പതു പേരെ തൃശ്ശൂർ മെഡിക്കൽകോളേജ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. തിങ്കളാഴ്ച വൈകീട്ട് മൂന്നരമണിക്കാണ് സൗത്ത് ജംഗ്ഷനെ പിടിച്ചു കുലുക്കിയ ഉഗ്രൻ സ്ഫോടനമുണ്ടായതു്. ബസ്സ് കാത്തുനിന്ന ഒരു യുവതിയുടെ കൈപശമുണ്ടായിരുന്ന പടക്കവും റെടിമരുന്നും നിറച്ച സഞ്ചിയാണ് തീ പിടിച്ച് പൊട്ടിത്തെറിച്ചതു്. സഞ്ചിക്ക് എങ്ങിനെയാണ് തീ പിടിച്ചതെന്നു വ്യക്തമല്ല.

മൂന്നര മണിയോടെ സൗത്ത് ജംഗ്ഷനിലെ ബസ്സ്സ്റ്റാൻഡിൽ ടൂട്ടോറിയൽ കോളേജിലെ വിദ്യാർത്ഥിനികളും മററു യാത്രക്കാരുമായി നൂറോളം പേർ ബസ്സ് കാത്തു നിൽക്കുകയായിരുന്നു. ഇവരുടെ ഇടയിലേക്കാണ് പടക്കവും വെടിമരുന്നും നിറച്ച സഞ്ചിയുമായി കണ്ടുക്കാരൻ വന്നിട്ടിന്റെ ഭാര്യ മേരി (34) എത്തിയതു്. ആ സമയത്ത് ബസ്സ് സ്റാൻഡിൽ നാലു് ബസ്സുകളുണ്ടായിരുന്നു.

പെട്ടെന്നു് ഒരു പുകയും മിന്നലുമുണ്ടായി. തുടർന്നു ബസ്സ്സ്റ്റാൻറ് പിടിച്ചു കലുക്കുന്ന പൊട്ടിത്തെറിയായിരുന്നു; ചാലക്കുടി ആസ്പത്രിയിൽ കഴിയുന്ന ജോയ്സി അതോർമ്മിക്കുന്നതു് അങ്ങിനെയാണ്.

സഞ്ചിയിൽ നിന്നു് ആളിപ്പടർന്ന തീ പെൺകുട്ടികളുടെ പാവാടകളിൽ കത്തിപ്പിടിച്ചു. തീ പിടിച്ച പാവാടകളുമായി പെൺകുട്ടികൾ അലറുമായിട്ടു ഓടി.പിന്നിട് ആകെപരന്ന പുകയിൽ വിവരിക്കാനാവാത്ത രംഗങ്ങളാണുണ്ടായതു്. പൊള്ളലേററതു് കൂടാതെ താഴെ വീണ പലരും ചവിട്ടേററു പിടഞ്ഞു.

ബഹളം അടങ്ങിയപ്പോഴേക്കും സ്റാൻഡിൽ ആളുകൾ ഓടിക്കൂടി. തൊട്ടടുത്ത പൊലീസ് സ്റേഷനിൽനിന്നു പൊലീസുകാരും ടാക്സി സ്റാൻഡിൽ നിന്ന് ഡ്രൈവർമാരും ഓടിയെത്തി. തീപ്പിടിച്ച് പാവാട കത്തിപ്പോയ രണ്ടു് പെൺകുട്ടികളെ നാട്ടുകാർ തൊട്ടടുത്ത കടയിൽ നിന്ന് കൈലി വാങ്ങിയുടുപ്പിച്ചാണ് ആസ്പത്രിയിലേക്ക് മാററിയതു്. സ്ഫോടനത്തിന്റെശക്തിയിൽബസ്സ് സ്റാൻടിൽ നിർത്തിയിട്ടിരുന്ന ഒരു ബസ്സിന്റെ ചില്ല് തകർന്നു. ഒരു ക്ലിനിക്കൽ ലബോറട്ടറിയുടെ ഷട്ടറും തകർന്നു

പടക്കവുമായി വന്ന മേരി (34) സെബാസ്റ്റ്യൻ (36) ഫിലോമിന

ശേഷം 5–ാംപേജ് 4–ാം കോളം

വാട്ടർടാങ്കിന് അടിയിൽ ഒരാൾകുഞ്ഞ്

തലശ്ശേരി: രണ്ടു മാസം പ്രായം തോന്നിക്കുന്ന ഒരു ആൺകുഞ്ഞിനെ റെയിൽവെ സ്റേഷനു് അടുത്തുള്ള വാട്ടർ ടാങ്കിന്നടിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ പൊലീസ് കണ്ടെത്തി. കുട്ടിയെ ഗവ. ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

പ്രതീക്ഷിച്ചതു സംഭവിച്ചെന്ന ഭാവം മാത്രം

തിരുവനന്തപുരം: പ്രതീക്ഷിച്ചതു സംഭവിച്ചു. അതിലേറെ ഒരു ഭാവമാററവും എം. വി. രാഘവന്റെ വെളുത്തു തുടത്ത മുഖത്തു പ്രകടമായില്ല.

എം. എൽ. എ. ക്വാർട്ടേഴ്സിന്റെ പുതിയ ഫ്ളാററിൽ മൂന്നാം നിലയിൽ 301–ാം നമ്പർ മുറിയിൽ വിശ്രമിക്കുകയായിരുന്നു അദ്ദേഹം.

കൈലിയുടുത്തു ഒന്നും സംഭവിക്കാത്ത മട്ടിലുള്ള ഇരിപ്പ്. അസ്വസ്ഥതകളൊന്നും കൂടിനില്ല. ദിവസങ്ങളായി വന്നുകൂടിയിരിക്കുന്ന കുത്തുകൂലം ഒരേന്നും പൊട്ടിച്ചു നോക്കുന്നതിൽ അദ്ദേഹം മുഴുകി.

പാർട്ടിയിൽ നിന്ന് പുറത്താക്കിയ വിവരം അറിയിച്ചപ്പോഴും പ്രതികരിക്കാൻ വൈമനസ്യം. എങ്കിലും മുഖത്ത് സൈഡരുമോഹം. പുറത്താക്കിയതായി ഔദ്യോഗിക വിവരം കിട്ടിയിരുന്നില്ല. അതുകൊണ്ട് എന്തെങ്കിലും പറയാൻ വയ്യ. എനിക്ക് കടലാസ്സ് കിട്ടട്ടെ, എന്നിട്ടാവാം അഭിപ്രായ പ്രകടനം എന്നായി. അപ്പോഴേക്കും പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ നിന്ന് മാർക്സിസ്റ് പാർട്ടി സ്റേററ് കമ്മിററി പ്രസ്താവനയുടെ സൈക്ലോസ്റൈൽ കോപ്പിയുമായി പാർട്ടിക്കാരൻ എത്തി. അതു് വായിച്ച ശേഷം മറുപടി പറയാൻ ഉറപ്പിച്ച എം.വി.ആർ. പിന്നെ ഒരു മണിക്കൂർ കഴിഞ്ഞാണ് പത്രക്കാരെ കണ്ടതു്. പത്രക്കാർ വീണ്ടുമെത്തിയപ്പോഴും സ്വന്തം പാർട്ടിക്കാരാരും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നില്ല. എം.എൽ.എ.മാരായ കെ. കൃഷ്ണൻകുട്ടിയും താമരാക്ഷനുമാണ് അദ്ദേഹത്തെ സാന്ത്വനപ്പെടുത്തിക്കൊണ്ടിരുന്നതു്.

ഇനി പാർട്ടി വിട്ടുമോ? ആദ്യ ചോദ്യം. പാർട്ടിയിൽ നിന്ന് പുറത്താക്കിയാൽപിന്നെ ആ ചോദ്യംഉയരുന്നില്ലെന്നായിരുന്നു മറുപടി. സെൻട്രൽ കമ്മിററിക്ക് അപ്പീൽ കൊടുക്കുമോ? അതു് തീരുമാനിച്ചിട്ടില്ല. സംസ്ഥാന കമ്മിററിയുടെ നടപടിക്കെതിരെ അപ്പീൽ കൊടുക്കാൻ വ്യവസ്ഥയെല്ലാമുണ്ട്. അതൊക്കെ ആലോചിച്ച് തീരുമാനിക്കും—ദൃഢമായ മറുപടി.

എം. എൽ. എ. സ്ഥാനം രാജിവെക്കുമോ? അതിനാവശ്യപ്പെട്ടിട്ടില്ല. നിയമസഭയിൽ ഇപ്പോൾ പ്രതിപക്ഷ ബഞ്ചിൽ തന്റെ പഴയ സീററിൽ തന്നെ മാർക്സിസ്റ് അംഗങ്ങളോടൊപ്പം ഇരിക്കും. പാർട്ടി നിർദ്ദേശ പ്രകാരം സ്പീക്കർ ആവശ്യപ്പെട്ടാലെ സീററു മാറുകയുള്ളു—എം. വി. ആർ. പറഞ്ഞു.

ബദൽ രേഖ കൊടുത്തതിന്റെ പേരിൽ പുറത്താക്കുകയോ? ഒന്നുപറയുന്നതിനു ഏതിർത്തവർ ഇന്നു നേതൃത്വത്തിലുണ്ട്. കോൺ (ഐ) ആണ് കത്തുക മുതലാളിത്ത പിന്തിരിപ്പൻ ശക്തി. അതിനെ തകർത്താൽ മാത്രമേ പാർട്ടിയുടെ ലക്ഷ്യം നിറവേററാനാവൂ.

ഇന്നത്തെ സാഹചര്യത്തിൽ പൊതു ശത്രു മുസ്ലീംലീഗും കേരളാ കോൺഗ്രസ്സുമാണെന്നാണ് മാർക്സിസ്റ്പാർട്ടി നേതൃത്വം ധരിച്ചുവെച്ചിരിക്കുന്നതു്. ആ ശത്രുവിനെ നേരിടാൻ പാർട്ടി ഒററക്കാവില്ലെന്നു തീർച്ച. അങ്ങിനെ വരുമ്പോൾ കോൺ(ഐ)യെ

ശേഷം 5–ാം പേജ് 3–ാം കോളം.

ഇന്ത്യ ജയിച്ചു

ലീഡ്സ്: രണ്ടാം ക്രിക്കററ് ടെസ്ററിൽ ഇംഗ്ളണ്ടിനെ 279 റൺസിനു പരാജയപ്പെടുത്തിയ ഇന്ത്യ പരമ്പര ജയിച്ചു. ലോർഡ്സിലെ ഒന്നാം ടെസ്ററിൽ ഇന്ത്യ അഞ്ചു വിക്കററിന് ജയിച്ചിരുന്നു. നാലാം ദിവസമായ തിങ്കളാഴ്ച രണ്ടാം ഇന്നിങ്സിൽ ഇന്ത്യ ഇംഗ്ളണ്ടിനെ 128 റൺസിനാണ് പുറത്താക്കിയത്.

(എട്ടാം പേജ് കാണുക)

കെട്ടിടത്തകർച്ച: മരണം 11

തലോജ, മഹാരാഷ്ട്ര: ബോംബെയിൽ നിന്നും 70 കി. മീ. തെക്ക് തലോജയിൽഞായറാഴ്ച രാവിലെ കെട്ടിടം തകർന്നു വീണ് മരിച്ചവരുടെ എണ്ണം 11 ആണെന്നു് അധികൃതർ അറിയിച്ചു. അപകട സമയത്തു് കെട്ടിടത്തിലുണ്ടായിരുന്ന 89 തൊഴിലാളികൾ അത്ഭുതകരമായിരക്ഷപ്പെട്ടു. ഇവരിൽ 56 പേർക്കും ഭാഗ്യവശാൽ പരിക്കൊന്നുമില്ല.

ഇതുവരെ 13 മൃതദേഹങ്ങളാണ് കണ്ടെടുത്തിട്ടുള്ളതു്. വേറെ ആറു പേർ കൂടി മണ്ണിനടിയിൽ പെട്ടിട്ടുണ്ടാവുമെന്നാണ് ഭയപ്പെടുന്നതു്. ഫാക്ടറിയിൽ 106 ജോലിക്കാരാണ് ഉണ്ടായിരുന്നതു്.

അപകടത്തിൽ 67 പേർ മരിച്ചതായിട്ടായിരുന്നു ആദ്യം കിട്ടിയ റിപ്പോർട്ട്.

ഉത്തരേന്ത്യയിൽ 'നാഫെഡ്' വെളിച്ചെണ്ണ വിതരണം ചെയ്യും

ദൽഹി: നാഫെഡ് ഉത്തരേന്ത്യയിൽ മുഴുവൻ വെളിച്ചെണ്ണ വിതരണം നടത്തും. 'നാഫെഡ്' ഡയരക്ടർബോഡിലെ മററംഗങ്ങളുമായി ബോഡ്.ഗമായ ജോസഫ് മോനിപ്പള്ളി നടത്തിയ ചർച്ചയെ തുടർന്നാണ് ഈ തീരുമാനമുണ്ടായതു്. ഇതിനാവശ്യമായ വെളിച്ചെണ്ണ കേരളത്തിലെ നാളികേര വികസന കോർപ്പറേഷൻ നാഫെഡിനു നൽകും. രണ്ടാഴ്ചക്കകം ഈ തീരുമാനം നടപ്പിൽവരും.

ആ ഓഫീസ് മാററി

മലപ്പുറം: വണ്ടൂർ എക്സൈസ് റെയ്ഞ്ച് ഓഫീസ് നിലവിലുള്ള വാടകക്കെട്ടിടത്തിൽ നിന്നു ഗവർമ്മെണ്ട് കല്പനയനുസരിച്ച മുസ്ലീം ലീഗ് എം. എൽ. എ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ സഹോദരി ഭർത്താവായ കെ. ടി. ഉണ്ണിച്ചെക്ക പാർട്ടിയുടെ കെട്ടിടത്തിലേക്കു മാററി.

കെട്ടിടം ഉടമ എക്സൈസ് ഓഫീസിന്നു് ആവശ്യമായ സൌകര്യങ്ങൾ അവിടെ ഏർപ്പെടുത്തുകയും പി. ഡബ്ല്യു. ഡി. നിശ്ചയിക്കുന്ന വാടകക്കു കെട്ടിടം നൽകാമെന്നു സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

നേരത്തെ ഈ കെട്ടിടത്തിലാണ് ഇന്നേ ഓഫീസ് പ്രവർത്തിച്ചിരുന്നതു് പി.ഡബ്ല്യു.ഡി. നിശ്ചയിച്ച അററന്റേറ്. ക. വാടക ഗവർമ്മേണ്ട് സ്പെഷൽ ഓർഡർ പ്രകാരം 1250ക. ആക്കി നിശ്ചയിച്ചതിനെ തുടർന്ന് നമ്പ്യബോർഡിന്റെ നിർദ്ദേശമനുസരിച്ച ഇതു വാടക കുറഞ്ഞ മറെറാരു കെട്ടിടത്തിലേക്ക് മാററിയിരുന്നു. ഇക്കഴിഞ്ഞ മെയ് 27ാംനു ലെ ഉത്തരവു പ്രകാരം ഓഫീസ് ഹാജിയുടെ കെട്ടിടത്തിലേക്ക് മാററാൻ നിർദ്ദേശിക്കുകയാണുണ്ടായതു്. ഈ ഗവർമ്മെണ്ട് കല്പനയുടേയും ഓഫീസ് ഉടൻ തന്റെ കെട്ടിടത്തിലേക്ക് മാററി റിപ്പോർട്ട് ചെയ്യണമെന്ന അസി. എക്സൈസ് കമ്മീഷണറുടെ കല്പനയുടേയും പിന്നിൽ രാഷ്ട്രീയ സമ്മർദ്ദം ഉണ്ടായിട്ടില്ലെന്നു് ഉണ്ണിച്ചെക്ക ഹാജി അറിയിച്ചു.

1985ൽ താൻ നൽകിയ ഹരജിയുടെ അടിസ്ഥാനത്തിലാണ് ഓഫീസ് മാററാൻ ഗവർമ്മെണ്ട് നിർദ്ദേശിച്ചതു്. ദിവസം വാടകക്ക് കൊടുത്തിരുന്ന മുറികളാണ് നേരത്തെ എക്സൈസ് ഓഫീസിന്നു് സൗകര്യപ്പെടുത്തിക്കൊടുത്തതു്.

ചതിരൂർ:വിജിലൻസ് അന്വേഷിക്കണമെന്ന് കമ്മീഷൻ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ചതിരൂർ വനഭൂമി ഇടപാട് പ്രശ്നം സംബന്ധിച്ച സമഗ്രാന്വേഷണം നടത്തിയ മുൻ കണ്ണൂർ ജില്ലാ കലക്ടർ കെ. വി. നമ്പ്യാർ സർക്കാറിന്നു് സമർപ്പിച്ച റിപ്പോർട്ടിൽ വനമിടപാട് സംബന്ധിച്ച കാര്യങ്ങൾ സമഗ്രമായ വിജിലൻസ് അന്വേഷണത്തിന്നു് വിധേയമാക്കണമെന്നും അനുമതിയെന്ന മാത്രമെ മുഴുവൻ കാറവാളികളേയും പുറത്തു കൊണ്ടുവരാൻ സാധിക്കുകയുള്ളുവെന്നും ചൂണിക്കാണിച്ചിരിക്കുന്നു.

ജൂൺ 21–ാംനുയാണ് കെ. വി. നമ്പ്യാർ വനം വകുപ്പ് സിക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചതു്. ചതിരൂർ മലയിലെ നിക്ഷിപ്ത വനഭൂമിയിൽപ്പെട്ട 200 ഏക്കർ നിലം കണ്ണൂർ ഡി.സി.സി. ഭാരവാഹികളടക്കം 42 പേർക്ക് 5 ഏക്കർ വീതം കൈമാററം ചെയ്തതായുള്ള വ്യാജ രേഖകൾ നിർമ്മിച്ചതു സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വനം മന്ത്രി പുപ്പെടുവിച്ച ഉത്തരവനുസരിച്ചാണ് നമ്പ്യാർ സമഗ്രാന്വേഷണം നടത്തിയതു്. ഫോറസ്റ് ചീഫ് കൺസർവേററേറ്. റജിസ്ട്രേഷൻ ഡയരക്ടറും നേരത്തെ വെവ്വേറെ അന്വേഷണങ്ങൾ നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. റജിസ്ട്രേഷൻ ഡയരക്ടറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഉളിയിൽ സബ്ബ് റജിസ്ട്രാർ രാജേഷിനെ നേരത്തെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

ചതിരൂർമലയിലെ വനഭൂമി അയ്യഞ്ച് ഏക്ക വീതം 42 പേർക്കു ഇടപാട് നടത്തിയതായി രേഖകൾ റജിസ്റ്റർ ചെയ്തപ്പോൾ ഒരാൾതന്നെ ഇത്രയും ഭൂമി കൈമാറിയതായി രേഖപ്പെടുത്തിയിട്ടും മിച്ചഭൂമി സംബന്ധിച്ച സാധ്യവാങ്ങുമൂലങ്ങളിൽ റജിസ്ട്രാർ യാതൊരു സംശയവും പ്രകടിപ്പിക്കാതിരുന്നതു ഉത്തമവിശ്വാസത്തോടുകൂടിയാണെന്നു വിശ്വസിക്കാൻ സാധ്യമല്ലെന്നു കലക്ടർ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടത്രെ. സബ്ബ്റജിസ്ട്രാരുടെ മകളുടെ ഭർത്താവിന്നു് രണ്ടു് ഏക്ക ഭൂമി നൽകിയിട്ടുണ്ടെന്നതും സംശയങ്ങൾക്കിട നൽകുന്നു.

റജിസ്ട്രർ ആധാരങ്ങളിൽ സർവ്വെ നമ്പറുകളൊന്നും കാണിച്ചിട്ടില്ലെങ്കിലും ആധാരങ്ങളിലെ വസ്തുതാ വിവരങ്ങൾ തികച്ചും അവ്യക്തങ്ങളാണെങ്കിലും നിക്ഷിപ്ത വനങ്ങളിൽ ഇടപാടുകാർ ഉദ്ദേശിച്ച സ്ഥലം ഏതാണെന്നു് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവാദഭൂമി ഏതാണെന്നു് അതിരിട്ടു കാണിക്കുന്ന പ്രത്യേക രേഖവും റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ചതിരൂർ മലയോട് തൊട്ടുള്ള വനപ്രദേശങ്ങളിലെ രണ്ട് കോടി ക. വില വരുന്ന വൻമരങ്ങൾ വെട്ടിയെടുക്കുകയും റജിസ്റ്റർ ആധാരങ്ങൾ കാണിച്ചു ബാങ്കുകളിൽ നിന്നു പരമ്പ്രധിവായ്പാ തുകകൾ തട്ടിയെടുക്കുകയും ആണ് വന വിക്രയ ഗൂഢാലോചനക്കു പിന്നിലുള്ള വസ്തുതയെന്നു അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട് ഇടപാടുമായി ബന്ധപ്പെട്ടവർക്കെതിരെ വ്യാജരേഖകൾ നിർമ്മിച്ചതിന്നു നടപടികളെടുക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതായി അറിയുന്നു. രേഖകളായി ബന്ധപ്പെട്ടവർ ഇടപാട് വിവരങ്ങൾ അറിയുകയിലുള്ള പ്രധാനികളെല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ് ഇതു നടത്തിയതെന്നു കലക്ടർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

42 രേഖകളുമായി ബന്ധപ്പെട്ട കടിക്കട സർട്ടിഫിക്കററുകൾ 24 മണിക്കൂറിനുള്ളിൽ തന്നെ സബ്ബ് റജിസ്ട്രാർ തയ്യാറാക്കി കൊടുത്തതായി സർക്കാർ റജിസ്റ്ററുകളിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ഇതു ബാങ്ക് വായ്പക്ക് സൗകര്യമുണ്ടാക്കാനാണെന്നതു് വ്യക്തമാണ്. പരുവാർത്തുകൾ പ്രത്യക്ഷപ്പെട്ട ശേഷം ഇവർ പിന്തിരിയൽ നിർബന്ധിതരാവുകയാണ് ഉണ്ടായതു്.

റജിസ്ട്രേഷൻ നിയമത്തിലെ പോരായ്മകൾ ഇത്തരം വ്യാജരേഖകൾ സൃഷ്ടിക്കുന്നു. കൃത്രിമ ഇടപാടുകൾക്കു വഴിവെയ്ക്കുന്നു എന്നു റിപ്പോർട്ടിൽ പ്രത്യേക ചൂണ്ടിക്കാണിച്ചിട്ടുണ്ടത്രെ. ഇവ പരിഹരിക്കുന്നതിന്നു് റജിസ്ട്രേഷൻ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും കലക്ടർ അഭിപ്രായപ്പെട്ടതായി അറിയുന്നു.

സംസ്ഥാന ഭരണതലവന്മാർ, മന്ത്രിമാർ ആസ്ഥാനഉദ്യോഗസ്ഥന്മാർ

(ശേഷം 5–ാം പേജ് 2–ാം കോളം)

25 ലക്ഷത്തിന്റെ പദ്ധതി ഉപേക്ഷിച്ചു

ചേലക്കര: നാട്ടുകാരുടെ ആശയും പ്രതീക്ഷയുമായിരുന്ന വെങ്ങാനല്ലൂർ ജലസേചന പദ്ധതി സർക്കാർ ഉപേക്ഷിച്ചു. എട്ട്കൊല്ലം മുമ്പ് തറക്കല്ലിട്ട ഈ പദ്ധതിക്കായി 25 ലക്ഷത്തിൽ പരം ക. ചെലവഴിച്ചു കഴിഞ്ഞതാണ്.

പി. എച്ച്. ഇ. ഡി.യുടെ സഹകരണത്തോടെ, ചേലക്കര, കിള്ളിമംഗലം,വെങ്ങാനല്ലൂർ എന്നീവില്ലേജുകളിലെ ജനങ്ങൾക്കു കുടിക്കാനും കൃഷിക്കും വെള്ളം ലഭ്യമാക്കുന്നതിനു വേണ്ടി രൂപം നൽകിയ ഈ പദ്ധതിക്ക് സ്ഥലം ഏറെറടുക്കാനും മററുമായിട്ടാണ് 25 ലക്ഷം ചിലവഴിച്ചതു്. ഇതിനു വേണ്ടി എഴുപതോളം കുടുംബങ്ങളേയും തെരുവിലിറക്കി. അപ്പോച്ച് റോഡിന്റെ പണിയും പൂർത്തിയായി. ഇതിനിടെ പി. എച്ച്. ഇ. ഡി.ക്കാർ ഇനിൽ നിന്നു പിന്മാറുകയും കുടിവെള്ള വിതരണത്തിനു പൈപ്പുകളും ആസ്ഥാനമാക്കി സ്വന്തമായി ഒരു പദ്ധതിക്കു രൂപം നൽകുകയും ചെയ്തു.

ഇതോടെ വെങ്ങാനല്ലൂർ ജലസേചന പദ്ധതി സാമ്പത്തികമായൊരു ബാധ്യതയാവുമെന്നു പറഞ്ഞാണത്രെ ഉപേക്ഷിക്കുവാൻ അധികൃതർ തയ്യാറായതു്.

നിയമസഭ ഒററനോട്ടത്തിൽ

എം. എം. വർഗ്ഗീസ്്

തിരുവനന്തപുരം: കേരളത്തിൽ വ്യാപകമായും ലക്ഷദ്വീപിൽ അങ്ങിങ്ങായും മഴ ഉണ്ടായി.

ജൂൺ 25നു് രാവിലെ വരെ ലക്ഷദ്വീപിലു്, കേരളത്തിലെ എല്ലാ ജില്ലകളിലു് സാമാന്യം വ്യാപകമായും ചില സ്ഥലങ്ങളിൽ മിതമായും മഴയുണ്ടാകും. തുടർന്നു് രണ്ടു ദിവസങ്ങളിൽ കാലാവസ്ഥയിൽ കാര്യമായ മാററം പ്രതീക്ഷിക്കുന്നില്ല.

ഇടുക്കിയിൽ മഴകുടി

ഇടുക്കി: ഇടുക്കിയിൽ തിങ്കളാഴ്ച കൂടുതൽ മഴ കിട്ടി. വൈകിട്ട് 5മണിക്ക് അവസാനിച്ച 24 മണിക്കൂറിനുള്ളിൽ 2.1 സെ. മീ. മഴ പെയ്തു. 2290.47 അടി വെള്ളമാണ് അണക്കെട്ടിലുള്ളതു്. ഞായറാഴ്ച 2290.25 അടി ആയിരുന്നു. മൂന്നും, നാലും ജനറേററുകൾ കൂടി ഇടുക്കിയിൽ പ്രവർത്തിച്ചു തുടങ്ങി.

ഗുരുവായൂർ ക്ഷേത്ര സമരം നിർത്തി

ഗുരുവായൂർ: പിരിച്ചുവിട്ട താൽക്കാലിക ജീവനക്കാർ ദേവസ്വം ഓഫീസിന്നു് മുന്നിൽ നടത്തിവന്നിരുന്ന സത്യാഗ്രഹം തൽക്കാലം പിൻവലിച്ചു.

അടുത്ത ഭരണസമിതി യോഗത്തിൽ സമരക്കാരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു ഒരു പരിഹാരം കാണാമെന്നു ഗുരുവായൂർ പൊലീസ് സർക്കിൾ ഇൻസ്പെക്ടർ മാധവൻനായർ നൽകിയ ഉറപ്പിന്നു തുടർന്നാണിതു്. ഇലായ് ആറിനാണ് അടുത്ത യോഗം.

തുടക്കവും ഒടുക്